**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1250** **07.06.2018-ൽ മറുപടിക്ക്**

## ദേശീയപാതാ വികസനം

**ചോദ്യം**
**ശ്രീ.എം. സ്വരാജ്**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ദേശീയപാതാ വികസനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) & (ബി) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും, ചെങ്ങള മുതൽ നീലേശ്വരം വരെയും, കഴക്കൂട്ടം ഫ്ളൈഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി - മാഹി എന്നീ ബൈപ്പാസുകളുടേയും, നീലേശ്വരം ആർ.ഒ.ബിയുടെയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചു വരുന്ന മറ്റ് ഭാഗങ്ങളിൽ 3 (ഡി) നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചാലുടൻ ടെണ്ടർ നടപടികൾ നടത്തുന്നതായിരിക്കും.

ദേശീയപാത 85 (മധുര – ധനുഷ്ക്കോടി)-ലെ ബോഡിമേട്ട് മുതൽ മൂന്നാർ (കി.മീ. 161/300 - കി.മീ 190/017) വരെ 42.283 കി.മീ നീളത്തിൽ 10.5 മീറ്റർ വീതിയിൽ വിഭാവനം ചെയ്യുന്ന പാതയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 380.76 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി M/s Dinesh Chandra Agrawal ഏറ്റെടുക്കുകയും, പ്രവൃത്തി പുരോഗതിയിലുമാണ്. പ്രസ്തുത

റോഡിന്റെ നിർമ്മാണം 7 മീറ്റർ വീതിയിൽ ക്യാരേജ് വേയും ഇരുവശങ്ങളിലും 1.5 കി.മീ. ബി.റ്റി ഷോൾഡറോടു കൂടി ആകെ 10.5 മീറ്റർ വീതിയിലാണ്. ഇ.പി.സി രീതിയിൽ നടപ്പിലാക്കി വരുന്ന ഈ പ്രവൃത്തിയുടെ കാലാവധി 730 ദിവസവും. അതായത് 30/08/2019-ൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ലക്ഷ്യത്തോടു കൂടി അതിവേഗത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു.

ദേശീയപാത 966-ൽ പാലക്കാട് ജില്ലയിൽ നാട്ടുകൽ (കി.മീ 87/000) മുതൽ ചന്ദ്രനഗർ (കി.മീ 133/720) വരെ 46.72 കി.മീ നീളത്തിൽ 10.5 മീറ്റർ വീതിയിൽ വിഭാവനം ചെയ്യുന്ന പാതയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 294.26 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത പ്രവൃത്തി Uralungal Labour Contract Co-operative Society Ltd ഏറ്റെടുക്കുകയും, പ്രവൃത്തി പുരോഗതിയിലുമാണ്. ഇ.പി.സി രീതിയിൽ നടപ്പിലാക്കി വരുന്ന ഈ പ്രവൃത്തി 22/08/2019-ൽ പൂർത്തീകരിക്കണമെന്ന് ലക്ഷ്യത്തോടു കൂടി അതിവേഗത്തിൽ നടന്നു കൊണ്ടിരിക്കുന്നു.

| | |
|---|---|
| (സി) ദേശീയ പാതയുടെ വികസനം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇത് 2020 മേയ് മാസത്തോടു കൂടിയും കോഴിക്കോട് ബൈപ്പാസിന്റെ നാലുവരി പാതയാക്കുന്നതിന്റെ പ്രവൃത്തി രണ്ട് വർഷം കൊണ്ടും പൂർത്തീകരിക്കുന്നതായിരിക്കും. ശേഷിക്കുന്ന ഭാഗങ്ങളിൽ നാലുവരിപ്പാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് 2020-ഓടെ നിർമ്മാണം പൂർത്തിയാകും. |

സെക്ഷൻ ഓഫീസർ